പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 625 — 31.10.2016-ന് മറുപടിക്ക്

# സംയുക്ത ജൈവ വൈവിധ്യ പരിപാലന സമിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.ആർ.രാജേഷ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് കീഴിൽ സംയുക്ത ജൈവ വൈവിധ്യ പരിപാലന സമിതി എന്നാണ് രൂപീകൃതമായതെന്നും ഇതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ പമ്പാനദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഒരു സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി 21/08/2015 ന് രൂപീകരിച്ചിട്ടുണ്ട്. അംഗങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പമ്പാനദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് പ്രസ്തുത സമിതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ളത്; | (ബി) പമ്പാനദിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നദി ഒഴുകി വരുന്ന മേഖലകളിലെ മലിനീകരണം, ജൈവവൈവിധ്യ ശോഷണം, നദി നശീകരണം, കടന്നുകയറ്റം മുതലായവ തദ്ദേശസ്ഥാപനത്തിന്റെ അധികാര പരിധിയിൽ തന്നെ പരിഹാരം കണ്ടെത്തുക എന്നുള്ളതാണ് കർമ്മപദ്ധതിയുടെ അടിസ്ഥാനം. പുനരുജ്ജീവനത്തിനുള്ള പ്രവർത്തനങ്ങൾ സംയുക്ത ജൈവവൈവിധ്യ പരിപാലനസമിതിയിലൂടെ വികേന്ദ്രീകൃത – ജനകീയ മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (സി) | ഇതിന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എവിടെനിന്നാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിൽ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിയുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനങ്ങൾക്കായി ഫണ്ട് ആവശ്യപ്പെടുന്ന പക്ഷം ആയതു ലഭ്യമാക്കുന്നതിന് ജൈവ വൈവിധ്യ ബോർഡിന് സാധിക്കുന്നതാണ്. |
| (ഡി) | പമ്പാനദിയുടെ സംരക്ഷണത്തിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി രൂപീകരിച്ച പ്രസ്തുത സമിതി കാര്യക്ഷമമായി പ്രവർത്തിക്കാതിരിക്കുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | ദേശീയതലത്തിൽ തന്നെ മാതൃകാപരമായി തുടങ്ങിയിട്ടുള്ള ഒരു പദ്ധതിയാണിത്. എന്നാൽ സമിതിയെ മികച്ച രീതിയിൽ ശാക്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ശബരിമല തീർത്ഥാടന സീസൺ ആരംഭിക്കാനിരിക്കെ, പ്രസ്തുത സമിതി മുഖേന പമ്പാനദിയുടെ പരിപാലനത്തിനുള്ള അടിയന്തര പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇതിനായി തീർത്ഥാടകർക്കുൾപ്പെടെ ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | ശബരിമല തീർത്ഥാടനം തുടങ്ങുന്നതിനു മുമ്പ് ജൈവവൈവിധ്യ പരിപാലന സമിതിയുടെ യോഗം ചേർന്ന്, പമ്പാനദിയുടെ പരിപാലനത്തിനുള്ള പ്രവർത്തനങ്ങളും തീർത്ഥാടകർക്കുള്ള ബോധവൽക്കരണ പരിപാടികളും പഞ്ചായത്തുതലത്തിൽ വികേന്ദ്രീകൃത മാതൃകയിൽ ജനകീയ പങ്കാളിത്തത്തോടെ എപ്രകാരം നടപ്പിലാക്കാം എന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിലേക്ക് നവംബർ ആദ്യവാരം സമിതിയുടെ യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗ തീരുമാനങ്ങളുടെ വെളിച്ചത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

ജൈവവൈവിധ്യം

## നടപടിയുത്തരവ്

കെ.എസ്.ബി.ബി. - പമ്പാനദീ സംരക്ഷണം - ഭരണനിർവഹണ കർമ്മപദ്ധതി - സംയുക്ത ജൈവ വൈവിധ്യ പരിപാലനസമിതി രൂപീകരിച്ച് - ഉത്തരവാകുന്നു

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

ഉത്തരവ് നം.1213/എ3/2015/കെ.എസ്.ബി.ബി — തീയതി: 21.08.2015

പരാമർശം: 15.07.2015-ലെ 36-ാമത് ബോർഡ് മീറ്റിങ്ങ് മിനിറ്റ്സ്

## ഉത്തരവ്

ജൈവവൈവിധ്യ നിയമം 2004 പ്രകാരവും കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 പ്രകാരവും ഒരു പ്രദേശത്തെ ജൈവവിഭവങ്ങളുടെ സംരക്ഷണവും അവയുടെ വിവേചന പൂർവമായ ഉപയോഗവും ഉറപ്പുവരുത്തേണ്ട ചുമതല അതാതു പ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലന സമിതികളിൽ നിക്ഷിപ്തമാണ്. ഇത് പ്രകാരം എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ജൈവ വൈവിധ്യ പരിപാലന സമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും കേവലം ഒരു പ്രദേശത്തുമാത്രം ഒതുങ്ങാതെ വിസ്തൃതമായ ഒരു ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് ആ ആവാസവ്യവസ്ഥ ഉൾപ്പെടുന്ന എല്ലാ പ്രദേശങ്ങളിലെയും ബി.എം.സി.കളുടെ സഹകരണം അത്യന്താപേക്ഷിതമാണ്. ഈ ആശയം ഉൾക്കൊണ്ടുകൊണ്ട് പമ്പാനദിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പമ്പാനദി കടന്നുപോകുന്ന പത്തനംതിട്ട ജില്ലയിലെ 22 പഞ്ചായത്തുകളിലെയും ആലപ്പുഴ ജില്ലയിലെ 3 പഞ്ചായത്തുകളിലെയും ഒരു മുനിസിപ്പാലിറ്റിയിലെയും ബി.എം.സി. അംഗങ്ങളെയും, ജില്ലാ പഞ്ചായത്ത് പ്രതിനിധികളെയും, ജനപ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിക്കാൻ പരാമർശപ്രകാരമുള്ള മീറ്റിങ്ങിൽ തീരുമാനിച്ചിരുന്നു. അതനുസരിച്ച് സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

(2) സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിയുടെ ചെയർപേഴ്സൺ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കും. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി സംയുക്ത ബി.എം.സി. സെക്രട്ടറിയും റാന്നി, കോന്നി, കോയിപ്രം, ഇലന്തൂർ, പുളിക്കീഴ് (പത്തനംതിട്ട ജില്ല), ചെങ്ങന്നൂർ, മാവേലിക്കര (ആലപ്പുഴ ജില്ല) എന്നീ ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റുമാരും പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ, ചിറ്റാർ, സീതത്തോട്, നാറാണമൂഴി, വടശ്ശേരിക്കര, റാന്നി, റാന്നി പഴവങ്ങാടി, റാന്നി അങ്ങാടി, റാന്നി പെരുനാട്, അയിരൂർ, ചെറുകോൽ, കോഴഞ്ചേരി, മല്ലപ്പുഴശ്ശേരി, തോട്ടപ്പുഴശ്ശേരി, കോയിപ്പുറം, നിരണം, നെടുമ്പുറം, ആറന്മുള, ഇരവിപേരൂർ, കുറ്റൂർ, പെരിങ്ങര, കടപ്ര എന്നീ 22 പഞ്ചായത്തുകളിലെയും ആലപ്പുഴ ജില്ലയിലെ പാണ്ടനാട്, തിരുവണ്ടൂർ, മാന്നാർ പഞ്ചായത്തുകളിലെയും പ്രസിഡന്റുമാരും ചെങ്ങന്നൂർ മുനിസിപ്പാലിറ്റി ചെയർമാനും അംഗങ്ങളുമായിരിക്കും.

(3) പമ്പാനദിയും ആവാസവ്യവസ്ഥയും ഉൾക്കൊള്ളുന്ന പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന എം.പി.മാർ, എം.എൽ.എ.മാർ, ഈ മേഖലയിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ, ജൈവവൈവിധ്യ ബോർഡ് പ്രതിനിധികൾ എന്നിവർ സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതി യോഗങ്ങളിലെ പ്രത്യേക ക്ഷണിതാക്കളായിരിക്കും.

(4) പമ്പാനദിയുടെ പുനരുജ്ജീവനപ്രവർത്തനങ്ങൾക്കായി ഒരു ഭരണനിർവഹണ കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് രൂപീകൃതമായിരിക്കുന്ന സംയുക്ത ജൈവവൈവിധ്യ പരിപാലന സമിതിയുടെ ഘടനയും പ്രതിനിധികളുടെ വിവരവും താഴെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | ചെയർമാൻ: | പ്രസിഡന്റ്, പത്തനംതിട്ട ജില്ലാപഞ്ചായത്ത് |
| 2. | സെക്രട്ടറി | സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് |

**അംഗങ്ങൾ**

1. പ്രസിഡന്റ്, റാന്നി ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
2. പ്രസിഡന്റ്, കോന്നി ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
3. പ്രസിഡന്റ്, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
4. പ്രസിഡന്റ്, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
5. പ്രസിഡന്റ്, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
6. പ്രസിഡന്റ്, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ
7. പ്രസിഡന്റ്, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ
8. പ്രസിഡന്റ്, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
9. പ്രസിഡന്റ്, ചിറ്റാർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
10. പ്രസിഡന്റ്, സീതത്തോട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
11. പ്രസിഡന്റ്, നാറാണമൂഴി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
12. പ്രസിഡന്റ്, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
13. പ്രസിഡന്റ്, റാന്നി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
14. പ്രസിഡന്റ്, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
15. പ്രസിഡന്റ്, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
16. പ്രസിഡന്റ്, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
17. പ്രസിഡന്റ്, അയിരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
18. പ്രസിഡന്റ്, ചെറുകോൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
19. പ്രസിഡന്റ്, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
20. പ്രസിഡന്റ്, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
21. പ്രസിഡന്റ്, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
22. പ്രസിഡന്റ്, കോയിപ്പുറം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
23. പ്രസിഡന്റ്, നിരണം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

24. പ്രസിഡന്റ്, നെടുമ്പ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
25. പ്രസിഡന്റ്, ആറന്മുള ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
26. പ്രസിഡന്റ്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
27. പ്രസിഡന്റ്, കുറ്റൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
28. പ്രസിഡന്റ്, പെരിങ്ങര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
29. പ്രസിഡന്റ്, കടപ്ര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
30. പ്രസിഡന്റ്, പാണ്ടനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
31. പ്രസിഡന്റ്, തിരുവണ്ടൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
32. പ്രസിഡന്റ്, മാന്നാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
33. ചെയർപേഴ്സൺ, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, ആലപ്പുഴ

**പ്രത്യേക ക്ഷണിതാക്കൾ**

1. പാർലമെന്റ് അംഗം, പത്തനംതിട്ട ലോകസഭാമണ്ഡലം
2. പാർലമെന്റ് അംഗം, മാവേലിക്കര ലോകസഭാമണ്ഡലം
3. എം.എൽ.എ., ചെങ്ങന്നൂർ നിയമസഭാമണ്ഡലം
4. എം.എൽ.എ., തിരുവല്ല നിയമസഭാമണ്ഡലം
5. എം.എൽ.എ., ആറന്മുള നിയമസഭാമണ്ഡലം
6. എം.എൽ.എ., റാന്നി നിയമസഭാമണ്ഡലം
7. എം.എൽ.എ., കോന്നി നിയമസഭാമണ്ഡലം
8. ജില്ലാ കളക്ടർ, പത്തനംതിട്ട
9. ശ്രീ.എൻ.കെ.സുകുമാരൻ നായർ, ജനറൽ സെക്രട്ടറി, പമ്പാ പരിരക്ഷണ സമിതി (എൻ.ജി.ഒ. പ്രതിനിധി)
10. ഡോ.ജോർജ് ചാക്കച്ചേരി, ഹെഡ്, പമ്പാ റിവർ ബേസിൻ അതോറിറ്റി
11. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

ഡോ.കെ.പി. ലാലാദാസ്
മെമ്പർ സെക്രട്ടറി

Dr. K.P. LALADHAS
Member Secretary
Kerala State Biodiversity Board
Thiruvananthapuram-695 024

പകർപ്പ്:

പ്രസിഡന്റ്, പത്തനംതിട്ട ജില്ലാപഞ്ചായത്ത്
സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്
പ്രസിഡന്റ്, റാന്നി ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, കോന്നി ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

പ്രസിഡന്റ്, മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ
പ്രസിഡന്റ്, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, ചിറ്റാർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, സീതത്തോട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, നാറാണമൂഴി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, റാന്നി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, അയിരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, ചെറുകോൽ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, കോയിപ്പുറം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, നിരണം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, നെടുമ്പ്രം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, ആറന്മുള ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, കുറ്റൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, പെരിങ്ങര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, കടപ്ര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്, പാണ്ടനാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പ്രസിഡന്റ്, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പ്രസിഡന്റ്, മാന്നാർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ചെയർപേഴ്സൺ, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, ആലപ്പുഴ
പാർലമെന്റ് അംഗം, പത്തനംതിട്ട ലോകസഭാമണ്ഡലം
പാർലമെന്റ് അംഗം, മാവേലിക്കര ലോകസഭാമണ്ഡലം
എം.എൽ.എ., ചെങ്ങന്നൂർ നിയമസഭാമണ്ഡലം
എം.എൽ.എ., തിരുവല്ല നിയമസഭാമണ്ഡലം
എം.എൽ.എ., ആറന്മുള നിയമസഭാമണ്ഡലം
എം.എൽ.എ., റാന്നി നിയമസഭാമണ്ഡലം
എം.എൽ.എ., കോന്നി നിയമസഭാമണ്ഡലം
ജില്ലാ കളക്ടർ, പത്തനംതിട്ട

സെക്ഷൻ ഓഫീസർ